പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 237 5.03.2012 ൽ മറുപടിക്ക്

## കൊല്ലം വാണിജ്യതുറമുഖത്തിനാവശ്യമായ പശ്ചാത്തല സൗകര്യവികസനം

ചോദ്യം

ശ്രീ. പി.കെ.ഗുരുദാസൻ

മറുപടി

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കൊല്ലം വാണിജ്യതുറമുഖത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾക്കുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | എ) യും ബി) യും | കൊല്ലം പോർട്ടിൽ 390 ലക്ഷം രൂപ ഉപയോഗിച്ച് പള്ളിത്തോട്ടം ഉപ പുലിമുട്ടിനോട് ചേർന്ന് 116 മീറ്റർ നീളത്തിൽ വാർഫ്, 2006 ൽ നിർമ്മിച്ചു. കേന്ദ്ര സർക്കാർ ASIDE സ്കീമിൽ അനുവദിച്ച 1280 ലക്ഷം രൂപ ഉപയോഗിച്ച് 16000 $m^2$ യാർഡിന്റെ നിർമ്മാണവും 62.5 മീറ്റർ നീളത്തിൽ വാർഫിന്റെ നിർമ്മാണവും പൂർത്തീകരിച്ചു. ഈ സ്കീമിൽപ്പെട്ട പള്ളിത്തോട്ടം മുതൽ വാടിവരെയുള്ള നാലുവരിപ്പാതയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. സുനാമി പുനരുദ്ധാരണ പദ്ധതിയിൽ ലഭ്യമായ 640 ലക്ഷം രൂപ ഉപയോഗിച്ച് തങ്കശ്ശേരി മുതൽ വാടിവരെയുള്ള റോഡിന്റെ വികസനം ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണം, വൈദ്യുതീകരണം, ബെയ്സിന്റെ ആഴം വർദ്ധിപ്പിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം പോർട്ടിന്റെ രണ്ടാം ഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 338.25 ലക്ഷം രൂപ ഉപയോഗിച്ച് പള്ളിത്തോട്ടം ഗോഡൗണിന്റെയും ട്രാൻസിറ്റ് ഷെഡിന്റെയും വൈദ്യുതീകരണം, വാർഫിനു പുറകിലുള്ള അൺലോഡിംഗ് ഏരിയായുടെ കോൺക്രീറ്റിംഗ് എന്നിവ പൂർത്തീകരിച്ചു. കസ്റ്റംസ് ഇലക്ട്രോണിക്സ് ഡേറ്റ ഇന്റർ ചെയ്ഞ്ചിംഗ് സർവ്വീസ് കെട്ടിടത്തിന്റെ നിർമ്മാണം, ബാലൻസ് യാർഡ് ഡവലപ്മെന്റ്, തങ്കശ്ശേരി മുതൽ കൊച്ചുപിലാമൂട് വരെയുള്ള റോഡിന്റെ വൈദ്യുതീകരണം എന്നിവ പുരോഗമിച്ചു വരുന്നു. വർക്കേഴ്സ് റെസ്റ്റ് റൂം, ടോയ്‌ലറ്റ് ബ്ലോക്ക്, പള്ളിത്തോട്ടത്തെ ട്യൂബ് വെൽ നിർമ്മാണം എന്നീ പ്രവൃത്തികൾ ക്രമീകരിച്ചു വരുന്നു. |
| ബി | മൾട്ടിപർപ്പസ് ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, ബോയ്, ടഗ്ഗ് എന്നിവ വാങ്ങാൻ 2010-11 സാമ്പത്തിക വർഷംതന്നെ തീരുമാനിച്ചിരുന്നിട്ടും എന്തുകൊണ്ടാണ് അവ ഇനിയും ലഭ്യമാക്കാനാവാത്തത് ; | | |

| | | | |
|---|---|---|---|
| | | | കൊച്ചുപിലാംമൂട് മുതൽ ബീച്ചുവരെയുള്ള റോഡിന്റെ നിർമ്മാണത്തിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലിൻമേൽ നടപടി സ്വീകരിച്ചുവരുന്നു. ഫിഷറീസ് റോഡിൽ ഉൾപ്പെടുത്തി കൊല്ലം പോർട്ടു മുതൽ ബീച്ചുവരെയുള്ള റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ഫോർക്ക് ലിഫ്റ്റ് വാങ്ങി കഴിഞ്ഞു. (2 കോടി ലക്ഷം രൂപ) കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള 40 feet ക്രെയിൻ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ആയത് 8/3/2012 ന് തുറക്കുവാനും തീരുമാനിച്ചിട്ടുണ്ട്. 5 ടൺ ശേഷിയുള്ള ഒരു മൊബൈൽ ക്രെയിനും കൊല്ലം തുറമുഖത്ത് ലഭ്യമാണ്. ബോയ വാങ്ങുന്നതിനുള്ള ടെണ്ടർ 29/2/12 ന് തുറക്കുകയും അനന്തര നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കൊല്ലം പോർട്ടിലെ ടഗ്ഗ് എം.റ്റി.പത്മശ്രീയുടെ അറ്റകുറ്റപ്പണി പുരോഗമിച്ചുവരുന്നു. |
| സി | തുറമുഖത്തിന്റെ ചരക്കുകയറ്റിറക്കുനടപടികൾ പൊതുമേഖലയിൽത്തന്നെ ആരംഭിക്കാനുള്ള സാധ്യതകൾ എന്തുകൊണ്ടാണ് ഉപയോഗപ്പെടുത്താത്തത് ; തുറമുഖത്തിലേയ്ക്കുള്ള പുതിയ റോഡിനുവേണ്ടി 71 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ ; | സി | തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽ തന്നെയാണ് കൊല്ലം പോർട്ടിന്റെ ഓപ്പറേഷൻ നടത്തിവരുന്നത് റോഡിനുവേണ്ടി 71 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| ഡി | എ.എസ്.ഐ.ഡി. ഇ. സ്കീമിൽ ടെണ്ടർ എക്സസ് ആയ 1.53 കോടി രൂപ അനുവദിക്കാനും തുറമുഖം മുതൽ വാടി വരെയുള്ള റോഡുനിർമ്മാണം പൂർത്തിയാക്കാനും നടപടി സ്വീകരിക്കുമോ ? | ഡി | അസൈഡ് സ്കീമിൽ ടെണ്ടർ എക്സസ് മൂലമുണ്ടായ 150 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ് കൊല്ലം പോർട്ട് മുതൽ വാടി വരെയുള്ള നാലുവരിപ്പാതയുടെ മെറ്റലിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ